# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2539 — 18.06.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കി മാറ്റാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. കെ.കെ.നാരായണൻ<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. ബാബു എം.പാലിശ്ശേരി | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കി മാറ്റാൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. 2012-13 വർഷം ആരംഭിച്ച 'എംപ്ലോയബിലിറ്റി സെന്റർ' എന്ന പദ്ധതി പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ അഭിരുചി വിവിധ ടെസ്റ്റുകൾ നടത്തി കണ്ടുപിടിച്ച്, അവർക്കനുയോജ്യമായ തൊഴിൽ നേടുന്നതിന് സഹായിക്കുന്നു. കൂടാതെ സോഫ്റ്റ് സ്കില്ലുകളിൽ അവർക്ക് പരിശീലനം നൽകി, പൊതു/സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി സഹകരിച്ച് ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ട് അവർക്ക് തൊഴിൽ നേടുവാൻ സഹായിക്കുന്നു. |
| (ബി) | ഇതിനായി ഇതുവരെ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; | (ബി) | 2012-13 സാമ്പത്തികവർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി പ്രകാരം നാളിതുവരെയായി കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അതിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എംപ്ലോയബിലിറ്റി സെന്ററുകളുടെ HRD പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, പാലക്കാട് എംപ്ലോയബിലിറ്റി സെന്ററുകളുടെ HRD പ്രവർത്തനം 2014-15 സാമ്പത്തിക വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | തൊഴിലാളികളെ വേണ്ട സ്ഥാപനങ്ങൾ വെബ്പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസും തൊഴിൽ ലഭിക്കുന്നവരിൽ നിന്നു കമ്മീഷനും ഈടാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; | (സി) | അപ്രകാരം എടുത്ത തീരുമാനം റദ്ദുചെയ്തു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. (ജി.ഒ. (എം.എസ്) നം.66/2014/എൽ.ബി.ആർ തീയതി 17.06.2014). |
| (ഡി) | ഇതുവഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ വാണിജ്യ വൽക്കരണം ലക്ഷ്യമിടുന്നുണ്ടോ; | (ഡി) | ബാധകമല്ല. |
| (ഇ) | സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നികത്തുന്നു എന്നുറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ? | (ഇ) | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഓരോ മാസവും നിശ്ചിത എണ്ണം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സി.എൻ.വി ആക്ട് അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുവാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ